# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3183 | 07.11.2019-ന് മറുപടിയ്ക്ക് |

## തിരൂരിലെ മലയാളം സർവ്വകലാശാലക്ക് ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എ.പി. അനിൽ കുമാർ | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലയാളം സർവ്വകലാശാലക്ക് വേണ്ടി തിരൂർ വെട്ടം വില്ലേജിൽ ഭൂമി ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത് എന്നറിയിക്കാമോ; | (എ) | ഉണ്ട്.<br><br>4.4546 ഹെക്ടർ (11 ഏക്കർ) |
| (ബി) | പ്രസ്തുത പദ്ധതിക്ക് പരിസ്ഥിതി സംബന്ധമായ എന്തെല്ലാം അനുമതി കളാണ് ഇതിനകം ലഭിച്ചത് വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ വെട്ടം വില്ലേജിൽ സർവ്വെ നമ്പർ 313/1 ബി, 313/3 ബി, 313/4 ബി, 313/5, 313/6, 313/7, 313/8 ബി, 313/9, 315/1, 315/2, 315/3, 316/6, 316/9, 316/11, 340/5, 341/1, 341/2, 341/3, 341/4, 341/5, 341/6 -ൽ ഉൾപ്പെട്ട 17 ഏക്കർ 21 സെന്റ് സ്ഥലം തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല ആസ്ഥാനം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് വൈസ് ചാൻസലർ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല സമർപ്പിച്ച അപേക്ഷയിലെ ആവശ്യം പൊതു ആവശ്യമായതിനാൽ ടി സ്ഥലത്തെ തണ്ണീർത്തടങ്ങളും ജലാശയങ്ങളും കണ്ടൽക്കാടുകളും നിലവിലുള്ളതുപോലെ നിലനിർത്തിക്കൊണ്ട് നീരൊഴുക്കിനെ ബാധിക്കാത്ത തരത്തിൽ പരിവർത്തനം നടത്തണം എന്ന വ്യവസ്ഥയോടെ നികത്തുന്നതിന് 09/07/2015-ലെ സ.ഉ (എം.എസ്) നം.123/2015/കൃഷി പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഈ പ്രദേശത്തിന്റെ പരിസ്ഥിതി ആഘാതം പഠിക്കുന്നതിന് വിദഗ്ദ സമിതിയെ നിയോഗിക്കുവാൻ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ദക്ഷിണ മേഖല ബെഞ്ച് ഉത്തരവായിട്ടുണ്ടോയെന്നറിയി ക്കാമോ; | (സി | ഉണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ 18/09/2019 തീയതിയിലെ OA No.24/2019 നമ്പറായി ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഇതിന്റെ അടിസ്ഥാനത്തിൽ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ; | (ഡി) | ഉണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ 18/09/2019 തീയതിയിലെ OA No.24/2019 നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ നോഡൽ ഓഫീസറാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയിലെ |

| | | | |
|---|---|---|---|
| | | | അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു<br><br>ശ്രീമതി സൗമ ഹമീദ്, നോഡൽ ഓഫീസർ (എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മലപ്പുറം ജില്ല)<br>1. ശ്രീ ജാഫർ മാലിക് ഐ.എ.എസ് ജില്ലാ കളക്ടർ, മലപ്പുറം<br>2. ഡോ. ജയചന്ദ്രൻ.കെ, മെമ്പർ, സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റി<br>3. ഡോ. ലക്ഷ്മി.പി.എം, കേരള സെൻട്രൽ സോൺ മാനേജ്മെന്റ് അതോറിറ്റി<br>4. ഡോ. ജോൺ സി മാത്യൂ , സ്റ്റേറ്റ് വെറ്റ് ലാൻഡ് അതോറിറ്റിയുടെ പ്രതിനിധി<br>5. ശ്രീ എം. ധർമ്മരാജ്, നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പ്രതിനിധി<br>6. ശ്രീ എൻ.ടി സാജൻ ഐ.എഫ്.എസ്, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) നോർതേൺ റീജിയണൽ കോഴിക്കോട് (പ്രിൻസിപ്പാൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) കേരള സ്റ്റേറ്റിന്റെ പ്രതിനിധി.<br>7. ശ്രീ ഇ. തിരുനവുകരശു, ശാസ്ത്രജ്ഞൻ, റീജിയണൽ ഓഫീസ്, ബംഗലൂരു, MOEF & CC യുടെ പ്രതിനിധി |
| (ഇ) | ഭൂമി ഏറ്റെടുക്കുന്നതിൽ വൻ അഴിമതി നടന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപം സംബന്ധിച്ച് എന്ത് അന്വേഷണമാണ് ഇതിനകം നടത്തിയത്; വിശദമാക്കാമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ